LIBRARY ARCHIVES Kerala Legislative Assembly

കുന്നത്തുനാട് മണ്ഡലത്തിൽ എഫ്.എ.സി.റ്റി.-യോട് ചേർന്നുള്ള കിൻഫ്രയുടെ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലത്ത് സാനിട്ടറി ലാൻഡ്ഫിൽ തുടങ്ങുന്നതിനുവേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡും കേരള എൺവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ചേർന്നുള്ള പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ടോ?

ഉണ്ട്. 20-1-21-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ പ്രസ്തുത പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിന്റെ തുടർനടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

എഫ്.എ.സി.റ്റി.-യിൽ നിന്നും കിഫ്ബിയുടെ ധനസഹായത്തോടെയാണ് കിൻഫ്ര ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ക്ലീൻ കേരള കമ്പനി കിൻഫ്രയ്ക്ക് ഭൂമിയുടെ വില നൽകേണ്ടതായിട്ടുണ്ട്. അതിനുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020

119(3551) ശ്രീ. പി. അബ്ദുൽ ഹമീദ്. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020-ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചതെന്ന് വിശദമാക്കുമോ?

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇത് കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകം പ്രാവർത്തികമാക്കിയ പ്രോജക്ടുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ലഭ്യമായതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന വ്യവസായ മേഖലയ്ക്ക് ഇത് എപ്രകാരം ഗുണകരമായെന്ന് വ്യക്തമാക്കാമോ?

(സി & ഡി) കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ തന്നെ 18 പ്രോജക്ടുകളായി 423.69 കോടി രൂപയുടെ പ്രോജക്ടുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വ്യവസായ മേഖലയുടെ ഉന്നമനത്തിനും പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾക്കും സഹായകരമായിട്ടുണ്ട്.

വല്ലാർപാടം കണ്ടയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

120(3552) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വല്ലാർപാടം കണ്ടയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ അനുബന്ധ ആവശ്യങ്ങൾക്കുവേണ്ടി ജിഡ, ജി.സി.ഡി.എ., വ്യവസായ വകുപ്പ്, ഉൾനാടൻ ജലഗതാഗതം, റവന്യൂ, കൃഷി, ടൂറിസം, പി.ഡബ്ല്യു.ഡി., രജിസ്ട്രേഷൻ, നിയമം എന്നിവ ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർത്ത് പ്രസ്തുത പദ്ധതി പ്രദേശത്തിന്റെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വല്ലാർപാടം കണ്ടയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനോട് അനുബന്ധമായുള്ള ഭൂമിയുടെ ഫലപ്രദമായ ഉപയോഗം സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചു വരുന്നു.

സിറ്റി ഗ്യാസ് പദ്ധതി

121(3553) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ പി.എൻ.ജി.ആർ.ബി.-യിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly